**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1242** **01-02-2024 - ൽ മറുപടിയ്ക്ക്**

**മാനന്തവാടി-മട്ടന്നൂർ എയർപോർട്ട് കണക്ടിവിറ്റി റോഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | മാനന്തവാടി-മട്ടന്നൂർ എയർപോർട്ട് കണക്ടിവിറ്റി റോഡ് പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; | (എ) | മാനന്തവാടി - മട്ടന്നൂർ എയർപോർട്ട് കണക്ടിവിറ്റി റോഡ് പദ്ധതിയിൽ വയനാട് ജില്ലയുടെ ഭാഗമായി വരുന്ന മാനന്തവാടി മുതൽ ബോയ്സ് ടൗൺ വരെയുള്ള ഭാഗത്തിന്റെ ഡീറ്റൈൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി കിഫ്ബിക്കു സമർപ്പിച്ചിട്ടുണ്ട്. എന്നാൽ അതിൽ ആവശ്യമായ തിരുത്തലുകൾ വരുത്തുന്നതിന് കിഫ്ബി നൽകിയ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഡി.പി.ആർ. കൺസൾട്ടന്റ് ആയ Infrastructure Development Corporation (Karnataka) Limited (iDeCK) എന്ന സ്ഥാപനത്തിന് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഈ റോഡിന്റെ കണ്ണൂർ ജില്ലയിൽ ഉൾപ്പെടുന്ന ഭാഗത്തിന്റെ സ്ഥലം ഏറ്റെടുക്കുന്നതിന് മുന്നോടിയായിട്ടുള്ള 6(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ച് അതിർത്തി കല്ലിടുന്ന പ്രവർത്തി പൂർത്തീകരിച്ചു. സർവ്വേ നടപടികൾ പുരോഗമിക്കുന്നു. |
| (ബി) | മാനന്തവാടി നിയോജകമണ്ഡലത്തിൽ പ്രസ്തുത പദ്ധതി കടന്ന് പോകുന്ന ഭാഗത്തെ അലൈൻമെന്റ് സംബന്ധിച്ച് അന്തിമ തീരുമാനം എടുത്തിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | മാനന്തവാടി - മട്ടന്നൂർ എയർപോർട്ട് കണക്ടിവിറ്റി റോഡ് പദ്ധതിയുടെ അലൈൻമെന്റ് സംബന്ധിച്ച അന്തിമ തീരുമാനം എടുത്തിട്ടില്ല. |
| (സി) | പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിൽ എന്തെങ്കിലും തടസ്സങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | മാനന്തവാടി - മട്ടന്നൂർ എയർപോർട്ട് കണക്ടിവിറ്റി റോഡ് പദ്ധതിയുടെ അലൈൻമെന്റ് സംബന്ധിച്ച അന്തിമ തീരുമാനം എടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ